കേരള സർക്കാർ

നം.77732/ഡിബി1/08/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിബി)വകുപ്പ്
തിരുവനന്തപുരം,തീയതി:18/12/2008

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-ജനകീയാസൂത്രണ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ഗുണഭോക്താവ് ചൂണ്ടിക്കാണിക്കുന്ന സ്ഥലം വാങ്ങി നൽകുന്നത് -സംബന്ധിച്ച്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികളിൽ ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് അവർ കണ്ടെത്തുന്ന സ്ഥലം തന്നെ വാങ്ങി നൽകുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഗുണഭോക്താക്കൾ കണ്ടെത്തുന്ന സ്ഥലങ്ങൾ പലപ്പോഴും ഭവന നിർമ്മാണത്തിന് അനുയോജ്യമല്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ജനകീയാസൂത്രണ പദ്ധതിപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയിൽ ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് അവർ കണ്ടെത്തുന്ന സ്ഥലം തന്നെ വാങ്ങി നൽകാമെങ്കിലും പ്രസ്തുത സ്ഥലം ഭവന നിർമ്മാണത്തിന് യോജിച്ചതാണെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ഉറപ്പുവരുത്തേണ്ടതാണ്.

അന്നമ്മ ഡാനിയേൽ
അഡീഷണൽസെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും-പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാരിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
കരുതൽ ഫയൽ/ഓഫീസ് കോപ്പി